(1) സർക്കാർ പ്രൈമറിസ്ക്കൂൾ ഹെഡ്മാസ്റ്റർമാർക്ക് തങ്ങളുടെ കീഴിലുള്ള ജീവനക്കാർക്ക് അനുവദിക്കാൻ അധികാരമുള്ള എല്ലാത്തരം അവധികളും എയിഡഡ് പ്രൈമറിസ്ക്കൂൾ ഹെഡ്മാസ്റ്റർമാർക്കും തങ്ങളുടെ കീഴിലുള്ള ജീവനക്കാർക്ക് അനുവദിക്കാനുള്ള അധികാരം.

(2) തങ്ങളുടെ കീഴിലുള്ള അദ്ധ്യാപകർക്ക് ഇൻക്രിമെന്റ് അനുവദിക്കാനുള്ള അധികാരം. എന്നാൽ ആദ്യത്തെ ഇൻക്രിമെന്റ് പ്രൊബേഷൻ പൂർത്തിയാക്കിയശേഷമേ അനുവദിക്കാൻ പാടുള്ളൂ.

അക്കൌണ്ട് ടെസ്റ്റ് പാസ്സായവരും ടെസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടവരുമായ എല്ലാ എയിഡഡ് പ്രൈമറിസ്ക്കൂൾ ഹെഡ്മാസ്റ്റർമാർക്കും മേൽപ്പറഞ്ഞ അധികാരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

നഴ്സറി സ്ക്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

189. [471] ശ്രീ. സി. വാസുദേവ മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഴ്സറി സ്ക്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

കാസർകോട് ജില്ലയിലെ മലയാളഭാഷാ ബോധനം

190. [472] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോഡ് ജില്ലയിൽ മലയാളഭാഷാ പഠനത്തെ നിരുത്സാഹപ്പെടുത്തുകയും കന്നടഭാഷാ പഠനത്തെ ബോധപൂർവം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാസർകോഡ് ജില്ലയിൽ മലയാള ഭാഷ നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി) മലയാളം, തമിഴ്, കന്നട എന്നീ റീജിയണൽ ലാംഗ്വേജുകളിൽ ഏതെങ്കിലും ഒന്ന് അതാത് ഉപയോഗിക്കുന്ന പ്രദേശങ്ങളിൽ പഠിക്കണമെന്നേ നിഷ്കർഷിച്ചിട്ടുള്ളൂ.

നെടുമങ്ങാടു വിദ്യാഭ്യാസ ജില്ലാ രൂപീകരണം

191. [473] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് കേന്ദ്രീകരിച്ച് ഒരു വിദ്യാഭ്യാസ ജില്ല ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly